നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടംഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ നാലാമത് ഭരണപരിഷ്കാര കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ സമഗ്രമാക്കുന്നതിനും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സർവ്വീസ് സംഘടനകൾ, വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരുമായി ആശയവിനിമയം നടത്തുന്നതിനും അഭിപ്രായ സ്വരൂപണം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് കമ്മീഷന് സ്വന്തമായി വെബ്സൈറ്റ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുമുള്ള അവസരം എന്നിവപോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി അവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല ശിൽപ്പശാല 15-12-2016-ൽ IMG-യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിനും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കാലഹരണപ്പെട്ട നിയമങ്ങൾ**

79(777) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ നില നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഷ്കരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; അവരുടെ ശിപാർശകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിയമങ്ങളാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) 17-11-2007-ലെ ജി.ഒ.(എം.എസ്)253/2007/നിയമം സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് 29-1-2009-ന് സർക്കാരിന് സമർപ്പിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ടിലെ വിവിധ നിർദ്ദേശങ്ങളിൽ കാലഹരണപ്പെട്ട 107 നിയമങ്ങൾ റദ്ദാക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത 107 ആക്റ്റുകളിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ റദ്ദാക്കേണ്ടതില്ലായെന്ന് അഭിപ്രായപ്പെട്ട 5 ആക്ടുകൾ ഒഴിവാക്കി 102 ആക്റ്റുകൾ ഒഴിവാക്കുന്നതിനുള്ള "2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ" 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(ബി) കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി 9-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 45/2017/ നിയമം പ്രകാരം ജസ്റ്റിസ് കെ.റ്റി. തോമസ് ചെയർമാനായി കേരള നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട് ശിപാർശകളൊന്നുംതന്നെ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) നിലവിൽ കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിന് പുതിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

## പുരാണപാരായണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആനുകൂല്യങ്ങൾ

80(778) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പുരാണ പാരായണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇവർക്ക് പെൻഷൻ, ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടോയെന്നും ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇവരെ പൈതൃക കലാകാരന്മാരായി അംഗീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത കലാകാരന്മാർക്ക് ക്ഷേമനിധി, പെൻഷൻ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?